**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1623** **11-10-2024 - ൽ മറുപടിയ്ക്ക്**

**കേരഗ്രാമം പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. എം. സച്ചിൻദേവ് | | ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | ബാലുശ്ശേരി മണ്ഡലത്തിൽ ഏതെല്ലാം ഗ്രാമപഞ്ചായത്തുകളിലാണ് കേരഗ്രാമം പദ്ധതി നടപ്പാക്കിയിട്ടുള്ളത്; വിശദമാക്കാമോ; | (എ) | ബാലുശ്ശേരി മണ്ഡലത്തിലെ അത്തോളി, ബാലുശ്ശേരി, കായണ്ണ, കൂരാച്ചുണ്ട്, നടുവണ്ണൂർ, പനങ്ങാട്, ഉള്ള്യേരി, ഉണ്ണികുളം എന്നീ പഞ്ചായത്തുകളിലാണ് ഇതുവരെ കേരഗ്രാമം പദ്ധതി നടപ്പാക്കിയിട്ടുള്ളത്. |
| (ബി) | കേരഗ്രാമം പദ്ധതിയിലൂടെ എന്തൊക്കെ ആനുകൂല്യങ്ങളും സഹായങ്ങളുമാണ് കേര കർഷകർക്ക് ലഭ്യമാക്കുന്നത്; വിശദമാക്കാമോ? | (ബി) | കേരഗ്രാമം പദ്ധതിയിൽ സമഗ്ര തെങ്ങു കൃഷി പരിപാലനം ഉറപ്പാക്കുന്നു. 100 ഹെക്ടർ വിസ്തൃതിയിൽ തെങ്ങ് കൃഷിയുള്ള തുടർച്ചയായ ഭൂപ്രദേശമാണ് ഒരു കേരഗ്രാമമായി കണക്കാക്കുന്നത്. കേരഗ്രാമം പദ്ധതിയിൽ മൂന്ന് വർഷം കർഷകർക്ക് ധനസഹായം നൽകുന്നു.<br><br>100 ഹെക്ടർ വിസ്തൃതിയുള്ള കേരഗ്രാമങ്ങൾക്ക് ഒന്നാം വർഷം 25.67 ലക്ഷം രൂപയുടെ ധനസഹായം താഴെ പറയും പ്രകാരം ലഭ്യമാകുന്നു.<br>**1........**സംയോജിത പരിചരണ മുറകൾ സ്വീകരിക്കുന്നതിന് ഹെക്ടറിന് Rs.19200/- രൂപ പ്രകാരം 100 ഹെക്ടറിന് (ഒരു കേരഗ്രാമത്തിന്) 19.2 ലക്ഷം രൂപ. ഇതിൽ താഴെ പറയുന്ന സംയോജിത പരിചരണ മുറകൾ പ്രാദേശിക ആവശ്യാനുസരണം പ്രവർത്തനങ്ങൾ തെരെഞ്ഞെടുക്കാവുന്നതാണ്. ഓരോ പ്രവർത്തന ഇനത്തിനും പരമാവധി 50% സബ്സിഡി നൽകുന്നു.<br><br>(a) ....ഇടയിളക്കൽ, തടം തുറക്കൽ, പുതയിടീൽ - 35<br><br>...........രൂപ/തെങ്ങ്<br>(b) തൊണ്ട് കുഴിച്ചിടീൽ - 50രൂപ/തെങ്ങ്<br>(c) ഇടവിള കൃഷി - 6000രൂപഹെക്ടറിന്<br>(d).......സംയോജിതവളപ്രയോഗം<br><br>.......i)കുമ്മായം - 9രൂപ/തെങ്ങ്<br>ii)രാസവളം/ജീവാണുവളങ്ങൾ - 20രൂപ/തെങ്ങ്<br><br>iii)മഗ്നീഷ്യം സൾഫേറ്റ് - 3.75രൂപ/തെങ്ങ് |

iv)ജൈവവളം -25രൂപ/തെങ്ങ്

(e) സംയോജിത സസ്യസംരക്ഷണം

i)സസ്യസംരക്ഷണം - 10രൂപ/തെങ്ങ്
ii)കീടനാശിനി പ്രയോഗം (ആവശ്യാനുസരണം)

...........ജൈവീകനിയന്ത്രണ ഉപാധികൾ

പ്രയോഗിക്കുന്നതിന് -75 രൂപ/തെങ്ങ്

f)..രോഗംബാധിച്ചതും ഉൽപ്പാദനശേഷി നശിച്ചതുമായ തെങ്ങ് മുറിച്ചുമാറ്റുന്നതിന്-1000 രൂപ/ തെങ്ങ്
g)ഗുണമേൻമയുള്ള തെങ്ങിൻ തൈകൾ നടുന്നതിന്

.....-60രൂപ/തെങ്ങ്
**2..**സൂക്ഷ്മ ജലസേചന സൗകര്യമുൾപ്പെടെയുള്ള ജലസേചന സൗകര്യങ്ങൾ സൃഷ്ടിക്കുന്നതിന് ഹെക്ടറിന് 25000/- രൂപ ക്രമത്തിൽ പരമാവധി 2.5 ലക്ഷം.രൂപ.
**3.** 25 തെങ്ങ് കയറ്റ യന്ത്രങ്ങൾ ഒരു യന്ത്രത്തിന് 2000/- രൂപ നിരക്കിൽ വിതരണം.
**4**. ജൈവ വള ഉൽപ്പാദന യൂണിറ്റുകൾ, ഒരു യൂണിറ്റിന് 10,000/- രൂപ നിരക്കിൽ ആനുകൂല്യം.
**5..**പഞ്ചായത്തുതല കേര സമിതികൾക്കുള്ള പ്രവർത്തന ചെലവായി 1 ലക്ഷം രൂപ.
**6..**മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ, മിനി കയർനിർമ്മാണ/ സംസ്കരണ യൂണിറ്റിന് 2 ലക്ഷം രൂപ.
**7..**കേര ഗ്രാമവുമായി ബന്ധപ്പെട്ടുള്ള കൃഷി ഭവനുകളുടെ പ്രവർത്തന ചെലവായി 7000/- രൂപ.
**8.** താൽപ്പര്യമുള്ള കേരഗ്രാമങ്ങൾക്ക് കേരാധിഷ്ഠിത മൂല്യവർദ്ധന യൂണിറ്റുകൾ സ്ഥാപിക്കുന്നതിന് SFAC മുഖാന്തിരം പരമാവധി 25 ലക്ഷം രൂപയുടെ പ്രോജക്ട് അധിഷ്ഠിത ധനസഹായം.

പരിചരണ മുറകൾക്കായി 19.2- ലക്ഷം രൂപയും
2 മുതൽ 7 വരെ ഉള്ള ഘടകങ്ങൾക്കു 6.47-ലക്ഷം രൂപയും നൽകുന്നു. ആകെ 25.67-ലക്ഷം രൂപ ഒന്നാം വർഷം ഒരു കേരഗ്രാമത്തിനു നൽകുന്നു.

<u>കേരഗ്രാമം രണ്ടാം വർഷം</u>:
രണ്ടാം വർഷം 100 ha വിസ്തൃതിയുള്ള കേരഗ്രാമത്തിന് മേൽപ്പറഞ്ഞ സംയോജിത വള പ്രയോഗം, സംയോജിത സസ്യസംരക്ഷണം എന്നിവയ്ക്ക് 8.00 ലക്ഷം രൂപ ധനസഹായം നൽകുന്നു.

| | | | |
|---|---|---|---|
| | | | <u>കേരഗ്രാമം മൂന്നാം വർഷം</u>:<br>മൂന്നാം വർഷം 100 ha വിസ്തൃതിയുള്ള കേരഗ്രാമങ്ങൾക്ക് സംയോജിത വള പ്രയോഗത്തിനായി 4.00 ലക്ഷം രൂപ ധനസഹായം നൽകുന്നു. |

സെക്ഷൻ ഓഫീസർ